വള്ളത്തോൾ ചെയർ
പ്രസിദ്ധീകരണം

# നവോത്ഥാനത്തിന്റെ വിഭിന്ന ധാരകൾ

എഡിറ്റർ: കെ. പി. രാമനുണ്ണി



954.8305 RAM

Accession No: 44591
Date: 01.08.2023

ISBN : 978-93-91808-00-6
(Malayalam)

നവോത്ഥാനത്തിന്റെ വിഭിന്ന ധാരകൾ

എഡിറ്റർ : കെ. പി. രാമനുണ്ണി
സബ് എഡിറ്റർ : ഡോ. സുരേഷ് പുത്തൻപറമ്പിൽ
© തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
വള്ളത്തോൾ ചെയർ
അക്ഷരം കാമ്പസ്, വാക്കാട് പി.ഒ, തിരൂർ,
മലപ്പുറം, കേരള - 676 502.

വില : 360/-

പ്രസിദ്ധീകരിച്ച വർഷം : ഒക്ടോബർ 2022
കവർ, ലിപിവിന്യാസം : രാജേഷ് എം. എം.
അച്ചടി : കാലിക്കറ്റ് യൂണിവേഴ്സിറ്റി
സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ

പ്രസാധനം :
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
ഇ-മെയിൽ : *publication@temu.ac.in*

Navothanathinte Vibhinna Darakal

Editor : K. P. Ramanunni
Sub Editor : Dr. Suresh Puthenparambil
© Thunchath Ezhuthachan Malayalam University
Vallathol Chair
Aksharam, Vakkad P.O., Tirur,
Malappuram Dist., Kerala - 676 502.

Price Rs. 360/-

First published : October 2022
Cover, Typesetting & Layout: Rajesh M.M
Printed at : The Calicut University Central
Co-operative Stores Ltd.

Published by :
Thunchath Ezhuthachan Malayalam University
e-mail : *publication@temu.ac.in*

No part of this book shall be reproduced in print or any other form of transmission without the written permission of the publisher, except for those purposes allowed by copyright law

# നവോത്ഥാനത്തിന്റെ വിഭിന്ന ധാരകൾ

## ഉള്ളടക്കം


വൈസ്ചാൻസലറുടെ കുറിപ്പ് 07

നവോത്ഥാനം എന്ന വീണ്ടുവിചാരം 09
(വള്ളത്തോൾ ചെയർ ഡയറക്ടറുടെ കുറിപ്പ്)

എഡിറ്ററുടെ കുറിപ്പ് 15

നവോത്ഥാനം: നിർവചനവും പ്രയോഗവും 17
*പ്രൊഫ. കെ. സച്ചിദാനന്ദൻ*

നവോത്ഥാനം: ബദൽ സമീപനത്തിന് ഒരാമുഖം 45
*പ്രൊഫ. ബി. രാജീവൻ*

The Various Streams of Indian Renaissance 55
*Prof. IndraNath Choudhuri*

Renaissance, Nationalism and Gender: Contexts and Possibilities 77
*Indu Agnihotri*

വീണ്ടും ചില നവോത്ഥാന ചിന്തകൾ 100
*പ്രൊഫ. എം. എം. നാരായണൻ*

യുക്തിയും വിശ്വാസവും:
ചില നവോത്ഥാന ചിന്താസംഘർഷങ്ങൾ 107
*പ്രൊഫ. ടി.വി. മധു*

ജ്ഞാനാധികാര അപനിർമിതിയും
കേരള നവോത്ഥാനവും 118
*എം. ശ്രീനാഥൻ*

**മലയാള ഭാഷ -നവോത്ഥാന വ്യവഹാരങ്ങൾ** *130*
*ഡോ. പി. പവിത്രൻ*

**ദേശീയ നവോത്ഥാനം -ചരിത്ര പശ്ചാത്തലം** *147*
*ഡോ. ഖദീജാമുംതാസ്*

**കീഴാളവൈജ്ഞാനികത**
**കേരളനവോത്ഥാനത്തിന്റെ കീഴാളവിമർശം** *155*
*ശ്രീ. സണ്ണി എം. കപിക്കാട്*

**മലയാളകഥയും നവോത്ഥാനവും** *179*
*ഡോ. സാബു കോട്ടുക്കൽ*

**കേരളം-സ്ത്രീ -ഒരു നൂറ്റാണ്ടു മുമ്പ്** *192*
*ഡോ. ആനന്ദി ടി. കെ.*

**അപൂർവ്വമായ ഒരു ഗുരു-ശിഷ്യ പാരസ്പര്യം** *203*
*ഡോ. കെ. വി. സജയ്*

**നവോത്ഥാനം:**
**പ്രതിരോധപാരമ്പര്യങ്ങളുടെ ദർശനരാജി** *210*
*ഡോ. കെ. എം. അനിൽ*

# ജ്ഞാനാധികാര അപനിർമിതിയും കേരള നവോത്ഥാനവും

എം. ശ്രീനാഥൻ

പ്രശസ്തവും പൂർണവുമായ നിഘണ്ടു എന്ന് മഹാകവി വള്ളത്തോളും കൈരളിക്ക് ലഭിച്ച വിലയേറിയ രത്നാഭരണം എന്ന് മഹാകവി ഉള്ളൂരും പ്രശംസിച്ച ശബ്ദതാരാവലിയിൽ ഇടം കാണാത്ത എന്നാൽ കേരളത്തിൽ ഏറെ സംവാദസജീവതയുള്ള വാക്കാണ് നവോത്ഥാനം. ഈ സംജ്ഞയുടെ പ്രയോഗസന്ദർഭങ്ങളുയർത്തുന്ന പ്രശ്നങ്ങളെക്കുറിച്ച് പി. സനൽമോഹൻ കേരളത്തിന്റെ ആധുനികത: ചരിത്രരചനാശാസ്ത്രപരമായ പ്രശ്നങ്ങൾ (2017) എന്ന ലേഖനത്തിൽ ചർച്ചചെയ്യുന്നുണ്ട്. നവോത്ഥാനം വിമർശനവിധേയമാക്കേണ്ട പഠനവിഷയമാണെന്ന അദ്ദേഹത്തിന്റെ നിലപാടിനെ അനുകൂലിക്കുന്ന സമീപനമാണ് ഈ ലേഖനവും ഉൾക്കൊള്ളുന്നത്. നവോത്ഥാന വ്യവഹാരങ്ങളുടെ ഘടനയും പൊതുസ്വഭാവവും ഒന്നാം ഭാഗത്തും ചട്ടമ്പിസ്വാമിയുടെ ബ്രാഹ്മണ ജ്ഞാനാധികാര അപനിർമിതി രണ്ടാം ഭാഗത്തുമായാണ് ഈ ലേഖനം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

കേരള നവോത്ഥാന വ്യവഹാരങ്ങൾ പരിശോധിച്ചാൽ സാമൂഹിക പരിഷ്കരണശ്രമങ്ങളായ ജാതിപരിഷ്കരണം ജാതിവിരുദ്ധ സമരങ്ങൾ ജാതിസമുദായവൽക്കരണം മതസ്വീകരണം മതാധികാര നിരാസം എന്നിവയൊക്കെ നിറഞ്ഞ പ്രായോഗിക

പ്രവർത്തനങ്ങളെയും ബന്ധപ്പെട്ട ആശയാവലികളെയുമാണ് നവോത്ഥാനം നിഗീരണം ചെയ്തിരിക്കുന്നതെന്നു കാണാം. ജാതികളുടെ ആന്തരിക നവീകരണം സവർണഹിന്ദു മതാധികാര നിഷേധം ഹിന്ദു-ഹിന്ദുവേതര മത സ്വീകരണം ഇവയൊക്കെ നവോത്ഥാന ചർച്ചകളുടെ ഊർജ്ജസ്രോതസ്സുകളാണ്.

മിഷണറി പ്രവർത്തനങ്ങൾ, പൊതുവിദ്യാഭ്യാസ സംരംഭങ്ങൾ, മേൽമുണ്ടു സമരം, ചാന്നാർലഹള, കർഷകസമരങ്ങൾ, വൈകുണ്ഠസ്വാമി, തൈക്കാട് അയ്യാസ്വാമി, ആറാട്ടുപുഴ വേലായുധപ്പണിക്കർ എന്നിവരുടെ സവർണ്ണ വിരുദ്ധപ്രവർത്തനങ്ങൾ, ശ്രീനാരായണഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠ, ചട്ടമ്പിസ്വാമികളുടെ ജ്ഞാനാധികാര അപനിർമിതി, മരുമക്കത്തായ വിവാഹ ബിൽ, മലയാളി മെമ്മോറിയൽ, ഈഴവ മെമ്മോറിയൽ, വില്ലുവണ്ടി സമരം, കല്ലുമാല സമരം, മിശ്രഭോജനം, അയിത്തോച്ചാടന പ്രവർത്തനങ്ങൾ, എസ്.എൻ.ഡി.പി സംഘടനാരൂപീകരണം, അയ്യങ്കാളിയുടെ സവർണവിരുദ്ധപോരാട്ടങ്ങൾ, സാധുജന പരിപാലനസംഘ രൂപീകരണം, പൊയ്കയിൽ അപ്പച്ചന്റെ പ്രത്യക്ഷ രക്ഷാദൈവസഭയുടെ പിറവി, യോഗക്ഷേമസഭ തുടങ്ങിയുള്ള മറ്റു സഭകളുടെ പ്രവർത്തനങ്ങൾ, വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം, ക്ഷേത്രപ്രവേശനവിളംബരം എന്നിങ്ങനെ തൊട്ടെണ്ണി പറയുന്നവയെല്ലാം നവോത്ഥാനവ്യവഹാരങ്ങളുടെ വിഷയ കേന്ദ്രങ്ങളാണ്. 19-ാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലുമായി രൂപപ്പെട്ടിരിക്കുന്ന നവോത്ഥാനരേഖാസഞ്ചയത്തിന്റെ വ്യവഹാരാപഗ്രഥനം വിമർശനാത്മകമായി നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

അവകാശസമരങ്ങളുടെ സമ്പുഷ്ടമായ ബഹുവ്യവഹാര കേന്ദ്രങ്ങൾ ഉൾച്ചേർന്നതാണെങ്കിലും അവയുടെ പൊതുസ്വഭാവം താഴെപറയുംപ്രകാരം ചുരുക്കി അവതരിപ്പിക്കാവുന്നതാണ്.

1. ജാതി ഉച്ചനീചത്വങ്ങൾക്കറുതി വരുത്തുക.
2. സവർണർ അനുഭവിക്കുന്ന അവകാശങ്ങൾ അവർണർക്കും ബാധകമാക്കുക.
3. ജാതി സമുദായ സ്വത്വം സ്ഥാപിക്കുക.
4. ഹിന്ദുമതത്തിന്റെ അവർണീകരണം സാധ്യമാക്കുക.

5. ഹിന്ദുവേതര മതം സ്വീകരിച്ച് മുന്നേറുക
6. വിദ്യാഭ്യാസ തൊഴിൽ അവകാശം സ്ഥാപിക്കുക.
7. സംഘടനയിലൂടെ ശക്തരാവുക.
8. ബ്രാഹ്മണരുടെ അറിവ് അധികാരത്തെ ചോദ്യംചെയ്യുക.
9. അപരിഷ്കൃതാവസ്ഥയിൽനിന്ന് പരിഷ്കൃതരാവുക.
10. ജാതിയേതരവും മതേതരവുമായ മാനവികസമത്വം നേടുക.

മേൽപറഞ്ഞവയ്ക്കായുള്ള പ്രായോഗികവും ധൈഷണികവുമായ ശ്രമങ്ങൾക്ക് നേതൃത്വം നൽകിയവരാണ് നവോത്ഥാന യുഗശില്പികൾ (പി. ഗോവിന്ദപിള്ള 2003, 2009). ആദ്യകാല നവോത്ഥാന വ്യവഹാരങ്ങളിൽ അർഹമായ പരിഗണന ലഭിക്കാത്ത പലരെയും പിൽക്കാലത്ത് തിരിച്ചറിഞ്ഞിട്ടുണ്ട്. വൈകുണ്ഠസ്വാമികൾ, അയ്യാസ്വാമികൾ, ആറാട്ടുപുഴ വേലായുധപണിക്കർ തുടങ്ങിയുള്ള പല പ്രമുഖരും നവോത്ഥാന യുഗശില്പികളുടെ കൂട്ടത്തിലുണ്ടെന്ന് ഇന്ന് നമുക്കറിയാം. ശ്രീനാരായണഗുരുവിന്റേതായി വ്യവഹാരത്തിലുറച്ച പല ആശയങ്ങളുടെയും വേരുകൾ പൂർവസൂരികളായി പ്രവർത്തിച്ചവരിൽ കണ്ടെത്തിയിട്ടുണ്ട് (ജോയി ബാലൻ വ്ളാത്താങ്കര 2009, വേലായുധൻ പണിക്കശ്ശേരി 2018, ഡോ. അജയ് ശേഖർ, ഡോ. എസ്. ആർ. ചന്ദ്രമോഹൻ 2017)

ആശയങ്ങൾക്ക് ആത്മകഥയുണ്ടോ എന്ന ചോദ്യം ആത്മകഥയുടെ പ്രത്യക്ഷാർഥത്തിൽ അസംബന്ധമാണ്. എന്നാൽ സൂക്ഷ്മമായി നോക്കിയാൽ സ്ഥിതി മറിച്ചാണ്. ഓരോ ആശയവും വ്യവഹാരങ്ങളിലൂടെ ആത്മകഥ നിർമിച്ചെടുക്കുന്നുണ്ട്. നവോത്ഥാന ആശയങ്ങളുടെ മേളം ആഘോഷിക്കാറുണ്ടെങ്കിലും അവയുടെ ആത്മകഥകൾ അന്വേഷിക്കാറില്ല. ആശയങ്ങളുടെ വംശാവലി പരിശോധനയിലൂടെയും അവ ഉല്പാദിപ്പിച്ച സംവാദപരിസരങ്ങളിലൂടെയും യാത്രചെയ്താൽ ആശയങ്ങളുടെ ആത്മകഥാവഴികൾ തെളിയും. ഉദാഹരണമായി വൈകുണ്ഠ സ്വാമികളുടെയും മാധവപ്പണിക്കരുടെയും സവർണവിരുദ്ധ പോരാട്ടങ്ങൾ, അവർണരുടെ ക്ഷേത്രപ്രവേശനത്തിനായുള്ള പ്രവർത്തനങ്ങൾ, സമപന്തിഭോജനം (മിശ്രഭോജനം), മാറുമറക്കൽ സമരം, ഒരുജാതി ഒരു മതം ഒരുദൈവം, ഒരു മൊഴി ഒരു ഭാഷ ഒരുഗോത്രം എന്ന

സന്ദേശം, കണ്ണാടി പ്രതിഷ്ഠ, സമത്വ സമാജ സൃഷ്ടി ഇവയൊക്കെ ശ്രീനാരായണഗുരുവിലൂടെ തുടർച്ചകാണുന്നുണ്ട്. ഈ രീതിയിൽ ആശയങ്ങളുടെ വംശാവലി തിരയേണ്ടതുണ്ട്. മറിച്ചവയെല്ലാം ശ്രീനാരായണഗുരുവിന്റേതാണെന്ന വ്യവഹാരയുക്തി പരിശോധനയർഹിക്കുന്നുണ്ട്.

## മതവും നവോത്ഥാനവും

അക്കാലത്തെ മതബന്ധം അവർണജാതിയുമായി ബന്ധിപ്പിച്ചു പരിശോധിച്ചാൽ ബുദ്ധ-ജൈന മതങ്ങളുടെ കളമൊഴിയലിനുശേഷം ഇക്കൂട്ടർക്ക് സംഘടിതമതങ്ങളുമായി ബന്ധമൊന്നുമില്ലായിരുന്നുവെന്ന് ബോധ്യപ്പെട്ടു. അവർ തദ്ദേശീയ ആരാധനാക്രമങ്ങളിൽ വ്യാപൃതരായിരുന്നുവെന്ന് കാണാം. പ്രത്യേകിച്ച് അവകാശങ്ങളൊന്നുമില്ലാത്ത ഒരു ആൾക്കൂട്ടം! അവരാരും ഹിന്ദുക്കളായിരുന്നില്ല. അയിത്ത ജാതി ഘടനയിൽ നിന്നുള്ള വിമോചനം ക്രിസ്തുമത സ്വീകരണമാണെന്നു കരുതിയവർ അത് സ്വീകരിച്ചു. മിഷണറി പ്രവർത്തനങ്ങൾ ആകർഷിച്ചത് കൂടതലും കീഴാളജനവിഭാഗത്തെയായിരുന്നു. തദ്ദേശീയ വഴക്കങ്ങളും പുതിയ ആരാധനാസമ്പ്രദായവുമായുള്ള പൊരുത്തക്കേടുകൾ സ്വാഭാവികമായുണ്ടായി. അതുകൊണ്ട് ഈ മതസ്വീകരണപ്രക്രിയയെ മതംമാറ്റമായിട്ടാണ് വ്യവഹാരങ്ങളിൽ അടയാളപ്പെടുത്തികാണുന്നത്. ഏതെങ്കിലും ഒരു മതത്തിന്റെ ഘടനയിൽപ്പെട്ടിരുന്നവരല്ല പുതിയമതം സ്വീകരിച്ചത്. ഹിന്ദുമതവും സ്വീകരിക്കുകയാണുണ്ടായത്. അല്ലാതെ പൈതൃകമായി ലഭിച്ചതല്ല. നിലനിന്ന ഘടനയിൽ നിന്നുള്ള വിമോചനവും സാമൂഹികാംഗീകാരവും ഉന്നംവച്ചാണ് ക്രിസ്തുമതം സ്വീകരിച്ചത്. തുടർന്നുള്ള അനുഭവങ്ങളിൽ അവിടെയും ജാതീയ പിൻതുടർച്ച അനുഭവിക്കുന്നതിന്റെ ചിത്രം പ്രത്യക്ഷ രക്ഷാദൈവസഭയുടെ രൂപീകരണപശ്ചാത്തലം വ്യക്തമാക്കുന്നുണ്ട്.

ബ്രാഹ്മണ ദൈവങ്ങളുടെ ദ്രാവിഡവൽക്കരണത്തിലൂടെ നിലവിലെ അസമത്വം പരിഹരിക്കാനാവും, അതോടൊപ്പം വൈദേശീയ മതത്തിന്റെ വ്യാപനം തടയാനും പറ്റുമെന്ന ദേശീയതാചിന്തയാണ് ഉത്തമദൈവങ്ങളിലേക്കും ഉന്നതജീവിതമൂല്യങ്ങളിലേക്കും അവർണരെ ആകർഷിച്ചത്. ദേശീയത എന്നത് ദേശരാഷ്ട്ര നിർമ്മിതിയാണെന്നാണ് നാം പരക്കെ വിശ്വസിക്കുന്നത്.

ദേശരാഷ്ട്രം രൂപപ്പെടുന്നതിനുമുൻപുതന്നെ സാംസ്കാരിക ദേശീയത തദ്ദേശീയഭാഷകളുടെ ഭാവനാസാന്നിധ്യമായി മാറിയിട്ടുണ്ട്. ഇന്ത്യയിലെ വിവിധ തദ്ദേശീയ ഭാഷകളുടെ ജൈവസാന്നിധ്യം ഉറപ്പുവരുത്തുന്നതിൽ പ്രധാനപങ്ക് പുരാണേതിഹാസങ്ങളുടെ ഭാഷാന്തരീകരണത്തിനുണ്ട്. ഭക്തി പ്രസ്ഥാനത്തിന്റെ വ്യാപനം ഈ ശാക്തീകരണത്തെ പോഷിപ്പിച്ചു.

പുരാണേതിഹാസ തർജമകളും ബൗദ്ധ-ജൈനമതവ്യാപനവും സാംസ്കാരികദേശീയത സൃഷ്ടിച്ചിരുന്നു സ്വാമി, ഗുരു എന്ന സംജ്ഞകൾ ദ്രാവിഡമല്ല. എങ്കിലും ഭൂരിപക്ഷം നവോത്ഥാന ശില്പികൾക്കും ഈ ആചാര്യസ്ഥാനം കല്പിച്ചേകിയിട്ടുണ്ട്. ദ്രാവിഡ ആശാനിൽ നിന്നും ആചാര്യനിലേക്കുള്ള മാറ്റം പരിശോധിച്ചാൽ അത് ബ്രാഹ്മണ ആശയാവലിയിലേക്കുള്ള മാറ്റമായി കാണാം. ബ്രാഹ്മണ സവർണീയതയെ എതിർക്കുമ്പോൾതന്നെ അത് സൃഷ്ടിച്ചെടുത്ത ആശയാവലികളിൽ ചിലതിനെ അംഗീകരിക്കുകയുമായിരുന്നു. വൈകുണ്ഠസ്വാമികളിൽ തുടങ്ങുന്ന ഈ പാരമ്പര്യം മറ്റുള്ളവരിലും സംക്രമിച്ചുവെന്നതിനു തെളിവാണ് അഹിംസാവാദം, സസ്യഭോജനം, ശുദ്ധിസങ്കല്പം എന്നിങ്ങനെയുള്ള ബ്രാഹ്മണീയ സവർണതയുടെ പ്രതിനിധാനങ്ങൾ ഇവരിലേക്കും വ്യാപിച്ചത്. താരതമ്യേന ഭക്ഷണം, ശരീരം, ആചാരം എന്നിവയിലൊക്കെ നിലനിൽക്കുന്ന അപരിഷ്കൃതാവസ്ഥ വെടിഞ്ഞ് പരിഷ്കൃതരാവാനുള്ള വഴി ബ്രാഹ്മണ സവർണഗുണങ്ങൾ ആർജിക്കുകയാണെന്ന പൊതുനിലപാട് സ്വാമി-ഗുരുക്കളിലെല്ലാം സമാനമായി കാണാം.

അയിത്ത ജാതിയിൽ നിന്നുള്ള മോചനം 'വരേണ്യമതാർജനത്തിലൂടെ' എന്ന ആശയം നവോത്ഥാന വ്യവഹാരത്തിൽ പ്രധാനമായിരുന്നു. സവർണരല്ലാത്തവർക്ക് ബൗദ്ധ ജൈനമതങ്ങളുടെ തിരോധാനത്തിനുശേഷം നാട്ടാരാധനയുമായി തുടരുകയെ സാധ്യമായുള്ളൂ. അതുകൊണ്ടുതന്നെ എല്ലാ മതങ്ങളും അന്യമാണ്. എന്നാൽ മുൻപു സൂചിപ്പിച്ച തർജമകളിലൂടെയും ബൗദ്ധ-ജൈനമതസമ്പർക്കത്തിലൂടെയും സിദ്ധിച്ച സാംസ്കാരിക ദേശീയത ബ്രാഹ്മണസവർണീയതയോട് കൂടുതൽ അടുപ്പവും പരിചയവും നൽകി. വ്യത്യസ്തമായി സ്വീകരിച്ച് മുന്നേറുക എന്നുതോന്നിയവർ ക്രിസ്തുമതം സ്വീകരിച്ചു. മറ്റുള്ളവരിൽ തദ്ദേശീകരിച്ച സാംസ്കാരിക ദേശീയതാബോധം വൈദേശീയ മതത്തോട്

അകലം പാലിക്കാൻ പ്രേരണ നൽകി. ഇതോടെ, ആർക്കും കുത്തകാവകാശം ദൈവത്തിനുമേലില്ല. ഇതിഹാസങ്ങൾ നമ്മുടേതാകാമെങ്കിൽ ഉത്തമ ദൈവങ്ങളും നമ്മുടേതാകാമെന്ന ചിന്ത കൂടുതൽ ദ്രാവിഡീയമായി. സവർണാവകാശങ്ങൾക്കെതിരെയുള്ള അവർണപ്രതിരോധങ്ങളിലൂടെ സവർണഹിന്ദുമതത്തെ അവർണരുടേതും കൂടിയാക്കി എന്നതാണ് നവോത്ഥാന ശക്തി. പ്രബലമതത്തെ അവർണീകരിച്ച് ഉൾക്കൊള്ളുകവഴി നിഷേധിക്കപ്പെട്ട ആരാധനാവകാശങ്ങൾ അവർണർക്കുംകൂടി ലഭ്യമായി. ഇത് സാധിച്ചെടുക്കാനായി വൈകുണ്ഠസ്വാമികളും അയ്യാസ്വാമികളും, ആറാട്ടുപുഴ വേലായുധപ്പണിക്കരും, ചട്ടമ്പിസ്വാമികളും, ശ്രീനാരായണഗുരുവുമൊക്കെ ഈ രംഗത്ത് കർമനിരതരായിരുന്നു.

ക്ഷേത്ര നിർമിതിയും, പ്രതിഷ്ഠാകർമവും, പുതുക്കിയ ആരാധനാക്രമങ്ങളും ഹിന്ദുമതത്തിന്റെ അവർണമുദ്രകളായി ഉദ്ഘോഷിച്ചപ്പോഴും, ഉത്തമദൈവാരാധന, അഹിംസാവാദം, സസ്യഭോജനം, ശുദ്ധിവാദം എന്നിവയുടെ പ്രയോഗം സവർണീയതയിലേക്കുള്ള അവർണദൂരം കുറച്ചുവെന്നതാണ് വാസ്തവം. അവർണരുടെ സവർണീകരണമാണ് ഇവയിലൂടെയൊക്കെ ആർജിച്ചതെന്ന് വന്നു. തദ്ദേശീയവാസികളെപോലെ മാംസ ഭുക്കുകളായിരുന്ന നാട്ടുദൈവങ്ങളെ കുടിയിറക്കി ഉത്തമ ദൈവാരാധനാവകാശം നേടിയതോടെ അവർണ-സവർണ തുല്യത ഹിന്ദുമത ആരാധനാക്രമത്തിൽ കൈവന്നുവെന്ന് പലരും വിശ്വസിച്ചു.

പിൻതിരിഞ്ഞു നോക്കിയാൽ ജാതി, മതം എന്ന രണ്ടു സംവർഗങ്ങളുടെ ശാശ്വതീകരണമാണ് കേരള നവോത്ഥാനത്തിന്റെ ശിഷ്ടപത്രമെന്ന് പറഞ്ഞാൽ പെട്ടന്നാരും അംഗീകരിക്കില്ല. സൂക്ഷ്മപാരായണത്തിൽ ഇതല്ലാതെ മറ്റൊന്നും തെളിയുകയുമില്ല. ജാതിയേതരവും മതേതരവുമായ മാനവിക സമത്വത്തിലേക്കുള്ള ആഹ്വാനങ്ങളും ഭാവനയും വരണ്ടില്ലാതെയുമായി. അവർണരുടെ സവർണീയതയിലേക്കുള്ള മുന്നേറ്റമായിമാത്രം പ്രവർത്തനമാന്ദ്യം കൊണ്ട് നവോത്ഥാനത്തിന്റെ ഒന്നാംഘട്ടം നിലയുറപ്പിച്ചു. അതുകൊണ്ടാണ് മതരാഷ്ട്രീയം, ഉന്നംവയ്ക്കുന്ന ഹിന്ദു രാഷ്ട്രീയ ഇരകളാക്കി അവർണ സമൂഹങ്ങളെ മാറ്റാനുള്ള ശ്രമങ്ങൾ ശക്തമായി നടക്കുന്നതും.

ഈ സന്ദർഭത്തിലാണ് ചട്ടമ്പിസ്വാമികളുടെ പ്രസക്തി ചർച്ച

ചെയ്യേണ്ടത്. മേൽപറഞ്ഞവരുടെ പ്രായോഗികപാതയിലല്ലാതെ ആശയവിപ്ലവത്തിന് ഊന്നൽ നൽകികൊണ്ടുള്ള ധൈഷണിക പാതയാണ് ചട്ടമ്പിസ്വാമികൾ സ്വീകരിച്ചത്. എന്നാൽ ഈ സമീപനം ശ്രീനാരായണഗുരു ഉൾപ്പെടെയുള്ളവർ പിൻതുടർന്ന പ്രായോഗിക സമീപനത്തിനു വിരുദ്ധമായ ഒന്നായിരുന്നില്ല. ഇവ രണ്ടും പരസ്പര പൂരകങ്ങളാണ്. എങ്കിലും നവോത്ഥാനവ്യവഹാരങ്ങളിൽ സവിശേഷസ്ഥാനം ചട്ടമ്പിസ്വാമിക്കാർജ്ജിക്കാനായില്ല. കേരള നവോത്ഥാന യുഗശില്പികളിലൊന്നായി അദ്ദേഹത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട് (ഗോവിന്ദപിള്ള പി. 2003). 'മേൽജാതിക്കാരുടെ മാത്രമല്ല അവരിൽ മുന്തിയവരായ ബ്രാഹ്മണരുടെ കുത്തകാവകാശമായിരുന്നു വേദങ്ങളും ഉപനിഷത്തുകളുടെയും മേലിൽ ഉണ്ടായിരുന്നത്. ഈ കുത്തകാവകാശമാണ് ചട്ടമ്പിസ്വാമികൾ പൊളിക്കാൻ തുടങ്ങിയത്. പുരാണേതിഹാസങ്ങൾ മാത്രമല്ല വേദങ്ങളും പഠിക്കാൻ അധഃസ്ഥിത ജാതിക്കാർക്ക് അവകാശമുണ്ടെന്ന് സ്വാമികൾ സ്ഥാപിച്ചു'വെന്നും ഇ.എം.എസ്. (2016) നിരീക്ഷിച്ചിട്ടുണ്ട്. നവോത്ഥാനവും ബദൽ ആധുനികതയും എന്ന പി. പി. രവീന്ദ്രന്റെ (2017) ലേഖനത്തിലാണ് ചട്ടമ്പിസ്വാമികളുടെ സംഭാവനയെക്കുറിച്ചുള്ള സവിശേഷനോട്ടം കാണാവുന്നത്.

ജാതിയും മതവും തമ്മിൽ നിലനിൽക്കുന്നത് അധികാരബന്ധമാണെന്നും അത് നിലനിറുത്തുന്നത് ബ്രാഹ്മണാധികാരമാണെന്നും അധികാരം അവർക്ക് ലഭിക്കുന്നത് അവരുടെ കുത്തകാവകാശത്തിലുള്ള വേദാദിപാരമ്പര്യത്തിലൂടെയാണെന്നും ചട്ടമ്പിസ്വാമി തിരിച്ചറിയുന്നു. ബ്രാഹ്മണജ്ഞാനാധികാരത്തിനെതിരെയുള്ള ധൈഷണികപോരാട്ടമാണ് ചട്ടമ്പിസ്വാമി സ്വീകരിച്ചപാത. സംസ്കൃതത്തിലൊളിപ്പിച്ചിരിക്കുന്നതായി ബ്രാഹ്മണർ മറ്റുള്ളവരെ വിശ്വസിപ്പിച്ചുപോരുന്ന ജന്മാധികാരത്തെ അപനിർമിച്ച് അവർക്ക് വേദങ്ങളൊന്നും പ്രത്യേകാധികാരം കല്പിച്ചേകിയിട്ടില്ല എന്ന് അദ്ദേഹം സ്ഥാപിച്ചു. ഇതിലൂടെ ബ്രാഹ്മണരെ ജ്ഞാനധികാര ഭ്രഷ്ടരാക്കുകയായിരുന്നു ചട്ടമ്പിസ്വാമികളുടെ ലക്ഷ്യം. ജ്ഞാനാധികാരം അവകാശവും അധികാരമില്ലായ്മ അവകാശമില്ലായ്മയുമായാണ് സാമൂഹിക ശ്രേണീകരണം നടന്നിരുന്നത്. ഇതിനുപിന്നിൽ സംസ്കൃത ലിഖിതജ്ഞാനം കയ്യാളിയിരുന്ന ബ്രാഹ്മണരായിരുന്നു. ലിഖിതജ്ഞാനം അധികാരമാണെന്നും അതിന്റെ ഉടമകളാണ് സാമൂഹികാസമത്വം സൃഷ്ടിക്കുന്നതെന്നു

മുള്ള ബോധ്യമാണ് ഇതിനെതിരെയുള്ള ധൈഷണിക പ്രതിരോധവഴിയിലേക്ക് ചട്ടമ്പിസ്വാമികളെ എത്തിച്ചത്. അധഃസ്ഥിതർക്ക് അപ്രാപ്യമായ ജ്ഞാനസമ്പത്തിനെ മനസ്സിലാക്കുകയും അതൊന്നും ബ്രാഹ്മണർക്ക് സവിശേഷാധികാരം നൽകുന്നില്ലെന്ന് താർക്കികയുക്തിയിലൂടെ അദ്ദേഹം തെളിയിച്ചതിന്റെ ഉത്തമോദാഹരണമാണ് സ്വാമിയുടെ വേദാധികാരനിരൂപണം. ബ്രാഹ്മണാധികാരത്തെ എതിർക്കാനുള്ള താത്വികാടിസ്ഥാനമുണ്ടാക്കുകയായിരുന്നു സ്വാമി. ഈ ധൈഷണികപാത കൊളോണിയൽ ആധുനികതയുടെ സന്തതിയല്ല. പി.പി.രവീന്ദ്രൻ ഇതിനെ ബദൽ ആധുനികത എന്നാണ് അടയാളപ്പെടുത്തിയത്. ആധുനികത, ധാർമികത, കേരളീയത എന്നീ ഘടകത്രയങ്ങളുൾച്ചേരുന്ന ഒരു സങ്കല്പന മണ്ഡലത്തെ കൊളോണിയൽ വിരുദ്ധമായും ആധുനികോന്മുഖമായും ചട്ടമ്പിസ്വാമിയുണ്ടായിരുന്നുവെന്ന് അദ്ദേഹം വിലയിരുത്തുന്നു. യുക്തിചിന്ത, സ്വത്വബോധം, പ്രതിരോധകല്പന, പാരമ്പര്യനിരാസം വർത്തമാനകാലഭാവന എന്നിവയുടെ സംയോഗവുമാണിത്. ബ്രാഹ്മണ്യത്തിനും ജാതിവ്യവസ്ഥയ്ക്കുമെതിരെയുള്ള പ്രതിരോധത്തിന് ബദൽ ആധുനികതയുടെ സ്വഭാവമുണ്ടെന്നാണ് പി. പി. രവീന്ദ്രന്റെ വാദം. പാശ്ചാത്യ ആധുനികതയിൽനിന്ന് വ്യത്യസ്തമാണ് ചട്ടമ്പിസ്വാമി മുന്നോട്ടുവെച്ച ആധുനികത എന്ന അദ്ദേഹത്തിന്റെ നിരീക്ഷണം പ്രസക്തമാണ്.

വേദസ്വരൂപം, വേദപ്രാമാണ്യം, അധികര നിരൂപണം, പ്രമാണാന്തരവിചാരം യുക്തിവിചാരം എന്നിങ്ങനെ അഞ്ചുഖണ്ഡങ്ങളുടങ്ങുന്നതാണ് വേദാധികാരനിരൂപണം. 1921–ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. താർക്കിക പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് വേദം മനുഷ്യനിർമിതമല്ല എന്ന (അപൗരുഷേയതാവാദം) പ്രബലവാദത്തെ ചോദ്യംചെയ്ത് മനുഷ്യനിർമിതമാണെന്ന് സ്ഥാപിച്ചു. അദ്വൈതിയായിരിക്കുമ്പോൾതന്നെ വൈദികയജ്ഞത്തെ നിരസിച്ചു. സയുക്തികമായ വൈദികതെളിവുകൾ നിരത്തി സ്ത്രീകൾക്കും അബ്രാഹ്മണർക്കും വേദാധികാരമില്ലെന്ന ബ്രാഹ്മണവാദത്തെ ചട്ടമ്പിസ്വാമി അപനിർമിച്ചു. ശങ്കരാചാര്യരുടെ നിലപാടുകളെയും വൈദികപ്രമാണങ്ങൾ നിരത്തി തള്ളിക്കളയാൻ സ്വാമിക്കായി. വേദം പഠിക്കാൻ മാത്രമല്ല തന്ത്രാധിഷ്ഠിതമായ ക്ഷേത്ര പ്രതിഷ്ഠനടത്താനും അബ്രാഹ്മണന് അവകാശമുണ്ടെന്ന് യുക്തിയുക്തം സ്ഥാപിക്കാനദ്ദേഹത്തിനു കഴിഞ്ഞു. ബ്രാഹ്ണ

രുടെ സ്വജനപക്ഷപാത വ്യാഖ്യാനങ്ങളെ യുക്തിവിചാരത്തിലൂടെ അപനിർമിക്കാൻ വേദാധികാരനിരൂപണത്തിലൂടെ സാധിച്ചു. ഇതു വഴി ദീർഘകാലം നിലനിന്നിരുന്ന വരേണ്യതയെ ചോദ്യം ചെയ്യാനും അബ്രാഹ്മണർക്കിടയിൽ ദൃഢീകരിച്ചിരുന്ന അധമബോധത്തെ ഇല്ലായ്മ ചെയ്യാനും വേദാധികാര നിരൂപണത്തിലൂടെ സ്വാമിക്കായി എന്നത് നിരാകരിക്കാനാവില്ല. എല്ലാവർക്കും വേദാധികാരമുണ്ടെന്നു വിശാലവീക്ഷണമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. അബ്രാഹ്ണർക്ക് നിഷിദ്ധമായിരുന്ന വൈജ്ഞാനിക സംസ്കൃതത്തിലൂടെ യഥേഷ്ടം സഞ്ചരിച്ച് വേദാന്തതത്വങ്ങളെ വ്യാഖ്യാനിച്ച് ജനകീയവൽക്കരിക്കാനായി. ശ്രുതികളിലും സ്മൃതികളിലും ഉള്ള അനേകം ദൃഷ്ടാന്തങ്ങൾ നിരത്തി യുക്തിപരമായ വ്യാഖ്യാനമെന്നതാണ് വേദാധികാരനിരൂപണത്തിനെതിരെ നാളിതുവരെയും ഒരു ഖണ്ഡനംപോലും ഉണ്ടാകാത്തതിനു കാരണം.

ബ്രാഹ്മണവാദങ്ങളെ ഓരോന്നായി ഖണ്ഡിച്ച് മുന്നേറുന്ന കാഴ്ച സ്വാമിയുടെ ഓരോ കൃതിയിലും പ്രകടമാണ്. പ്രാചീനമലയാളത്തിൽ പരശുരാമകഥയെ പൊളിച്ച് ബ്രാഹ്മണർക്ക് കേരളത്തിൽ ജന്മാവകാശമില്ലെന്ന് കാണിക്കാൻ യുക്തിഭദ്രമായി കഴിഞ്ഞിട്ടുണ്ട്. നായർ വിഭാഗത്തിന്റെ ഉന്നമനമാണ് സ്വാമി ലക്ഷ്യം വച്ചിരുന്നതെന്ന വിമർശനപക്ഷമുണ്ട്. പ്രാചീന മലയാളത്തിലെ ഏഴാം അധ്യായമായ 'നായന്മാരെപ്പറ്റി ചരിത്രകാലങ്ങളിൽ വിദേശീയന്മാർക്കുണ്ടായിട്ടുള്ള അഭിപ്രായങ്ങൾ' രചനാപരമായി സ്വാമി എഴുതിയതല്ല എന്നതുറപ്പാണ്. അത് മറ്റാരോ എഴുതിചേർത്തതാണ്. സ്വാമി പാലിച്ചിരിക്കുന്ന താർക്കിക രചനാതന്ത്രത്തിനു വിരുദ്ധമാണിത് -"നായന്മാരുടെ ഔൽകൃഷ്ട്യവും മലയാളഭൂമിക്കുള്ള അവരുടെ ഉടമസ്ഥാവകാശം' എന്ന അധ്യായവുമൊക്കെ മുൻനിറുത്തിയാണ് സ്വാമിയെ നായർ പ്രമാണിമാത്രമായി സങ്കുചിതമായി കാണുന്നത്. ജാതിയേതരമായ മാനവികതതന്നെയായിരുന്നു അദ്ദേഹത്തിനും ഉണ്ടായിരുന്നതെന് സുവിദിതമാണ്. ചാതുർവർണ്യവിമർശത്തിൽ സ്വാമി ബ്രാഹ്മണവാദത്തിന്റെ അപനിർമിതിയിലൂടെ പ്രകടമാക്കുന്നത് ചാതുർവർണ്യാഭാസത്തെയാണ്.

അദ്വൈത വേദാന്തത്തെ പ്രതിപാദിക്കുന്ന ഒരു ആധികാരിക ഗ്രന്ഥമാണ് അദ്വൈതചിന്താപദ്ധതി. ജീവജാലങ്ങളോട് സമഭാവനപുലർത്തികൊണ്ട് അഹിംസാവാദം ശക്തമായി ഉന്നയിക്കുന്ന

ഗ്രന്ഥമാണ് ജീവകാരുണ്യനിരൂപണം. സംസ്കൃതമല്ല ആദിഭാഷയെന്നും ദ്രാവിഡമാണ് നരഗണത്തിന്റെ ആദിഭാഷയെന്നും യുക്തിഭദ്രമായി വർണം, സന്ധി, പദവ്യവസ്ഥ, ലിംഗം, വചനം വിഭക്തി എന്നിവ അപഗ്രഥിച്ച് ശബ്ദശാസ്ത്രസംബന്ധമായി സ്ഥാപിക്കുന്ന ഗ്രന്ഥമാണ് ആദിഭാഷ. ഇവകൂടാതെ നിരവധി മറ്റു രചനകളുമുണ്ട്. ഇവ ഓരോന്നും സിവശേഷാർഥത്തിൽ ചർച്ച ചെയ്യേണ്ടവയാണ്. ചുരുക്കത്തിൽ മലയാളഭാഷയെ വൈജ്ഞാനികഭാഷയാക്കി ഉയർത്തിക്കൊണ്ട് സംസ്കൃതവിജ്ഞാനത്തെ ജനകീയമാക്കാനും വിമർശനവിധേയമാക്കാനുമുള്ള ശ്രമം സ്വാമിയുടെ ഭാഗത്തുനിന്നുണ്ടായി. മലയാളഗദ്യം താർക്കികയുക്തി കൊണ്ട് സമ്പന്നമായത് ചട്ടമ്പിസ്വാമികളുടെ കൃതികളിലൂടെയാണ്. ധൈഷണികവിച്ഛേദമെന്ന നിലയിൽ ഈ രചനകൾ പ്രാധാന്യം അർഹിക്കുന്നു. നോവൽ സാഹിത്യത്തിന്റെ അരങ്ങേറ്റവും കവിതാ കഥാവിഭാഗങ്ങളിലെ നവീനാശയലോകവും ഭാഷയുടെ ഭാവുകത്വ ആധുനികതയായി വിലയിരുത്താറുണ്ട്. എന്നാൽ ചട്ടമ്പിസ്വാമികളുടെ രചനകളൊന്നും ഈ ചർച്ചയുടെ ഭാഗമാകാറില്ല.

സൂക്ഷ്മമായി ഈ രചനകളെ പരിചയപ്പെട്ടാലവ മലയാള ഭാഷാനവോത്ഥാനത്തിനും വിജ്ഞാനനവോത്ഥാനത്തിനും നൽകിയ സംഭാവനകൾ ചെറുതല്ല എന്നു ബോധ്യപ്പെടും. താർക്കികയുക്തി പാരമ്പര്യം മലയാളത്തിന് സ്വന്തമാക്കി, സംസ്കൃതവിജ്ഞാനം മലയാളത്തിലെത്തിച്ചു. ആധുനികഭാഷാശാസ്ത്രം രൂപപ്പെടുന്നതിനു മുൻപുതന്നെ ആധുനിക ഭാഷാശാസ്ത്രപരിധിയിൽ പില്ക്കാലത്ത് ചർച്ചചെയ്ത ഒട്ടേറെ വിഷയങ്ങൾ അവതരിപ്പിച്ചു. സംസ്കൃതത്തിന്റെ പ്രാചീനത ചോദ്യം ചെയ്ത് തമിഴിന്റെ പ്രാചീനത സ്ഥാപിച്ചു. ദ്രാവിഡത്തെ ലോകത്തിലെ പ്രഥമഭാഷയായി അവരോധിച്ചു. യുക്തിനിഷ്ഠമായ രീതിശാസ്ത്രം നിർമ്മിച്ചെടുത്ത് വിജ്ഞാനത്തെ വസ്തുനിഷ്ഠമാക്കാനുള്ള ആദ്യകേരളീയ ശ്രമമായിരുന്നു സ്വാമി നിർവഹിച്ചത്. വൈരുദ്ധ്യാത്മകവും വ്യവഹാരാപഗ്രഥനവും അപഗ്രഥനരീതിശാസ്ത്രത്തിനു ശക്തിപകർന്നു. വ്യവഹാരാപഗ്രഥനം 1970-കൾക്കു ശേഷമാണ് ഭാഷാശാസ്ത്രത്തിൽ രംഗപ്രവേശനം ചെയ്തതെന്നറിയുമ്പോൾ എത്രയോമുൻപ് ഈ രീതിശാസ്ത്രമികവ് സ്വാമിയിലൂടെ മലയാളത്തിനു കൈവന്നിരുന്നുവെന്നത് അംഗീകരിക്കാതിരിക്കാനാവില്ല. വൈജ്ഞാനിക മലയാളത്തിന്റെ ശാക്തീകര

ണത്തിൽ പ്രഥമഗണനീയനാണ് ചട്ടമ്പിസ്വാമി. എന്നാൽ ആ നിലയ്ക്ക് അദ്ദേഹത്തെ മനസ്സിലാക്കിയില്ല എന്നത് നവോത്ഥാനവ്യവഹാരങ്ങളുടെ പരിമിതിയാണ്.

പി. പി. രവീന്ദ്രന്റെ ബദൽ ആധുനികത എന്നതിനോടൊപ്പം തദ്ദേശീയ ആധുനികതയായും സ്വാമിയുടെ പ്രവർത്തനങ്ങളെ മനസ്സിലാക്കാം. വൈജ്ഞാനിക മലയാളത്തിനും ശക്തമായ യുക്തി മാതൃകയാണ് സ്വാമി പ്രദാനം ചെയ്തത്. അതാകട്ടെ, എല്ലാ ജ്ഞാനാധികാരങ്ങളെയും വിമർശനാത്മകമായേ സ്വീകരിക്കാവൂ എന്ന പാഠം മലയാളിക്ക് നൽകി. ജ്ഞാനാധികാര അപനിർമ്മിതി വ്യവഹാരാപഗ്രഥനത്തിലൂടെ സാധുവാക്കിയതിനാൽ തദ്ദേശീയ ആധുനികതയുടെ സ്വഭാവം നിർണയിക്കപ്പെട്ടു. ഇതായിരുന്നു മലയാളത്തിലെ വിജ്ഞാന നവോത്ഥാനത്തിന്റെ തദ്ദേശീയ പാഠം.

ചട്ടമ്പിസ്വാമി നേതൃത്വം നൽകിയ വൈജ്ഞാനിക നവോത്ഥാനവും മുന്നോട്ടുപോയില്ല. ചില അനുരണനങ്ങൾ കേസരിയിൽ കാണാമെന്ന് മാത്രം. തദ്ദേശീയമായി രൂപംകൊണ്ട ബദൽ ആധുനികതയെ അർഹിക്കുന്ന പ്രാധാന്യത്തിൽ ചർച്ചചെയ്യാൻപോലും നാം സമയം കണ്ടെത്തിയിട്ടില്ല. കൊളോണിയൽ ആധുനികതയുടെ മേധാവിത്തമാണിതിനു കാരണം. അറിവ് അധികാരങ്ങളെ നിഷേധിച്ച് മലയാളി ആർജിക്കേണ്ട വൈജ്ഞാനിക തദ്ദേശീയതയുടെ മാതൃക മുന്നോട്ടുവയ്ക്കാൻ ചട്ടമ്പിസ്വാമിക്കായി. വൈജ്ഞാനിക തദ്ദേശീയതയിലൂടെ മാത്രമേ പാശ്ചാത്യഅറിവ് അധികാരത്തിൽനിന്നും മോചനമുള്ളൂവെന്ന പാഠമാണ് ചട്ടമ്പിസ്വാമികളുടെ രചനകൾ നമ്മെ ഓർമിപ്പിക്കുന്നത്.

നവോത്ഥാന ആശയങ്ങളിൽനിന്ന് നമ്മെ മുന്നോട്ടുനയിക്കാൻ ശക്തിയുള്ള രണ്ടു ആശയകേന്ദ്രങ്ങളുണ്ട്. വൈകുണ്ഠസ്വാമികളിലാരംഭിച്ച് ശ്രീനാരായണഗുരുവിൽ പുഷ്ടിപ്രാപിച്ച സമത്വഭാവന. ജാതിയേതര മതേതര മനുഷ്യസമത്വം എന്നിവ. ലോകമാനവികതയെ മുൻനിർത്തിയുള്ള ഈ ആശയത്തിന് അധികം വളരാനായില്ല. മറ്റൊന്ന് ചട്ടമ്പി സ്വാമി കൈമാറിയ വൈജ്ഞാനിക തദ്ദേശീയത. ഇവ രണ്ടുമാണ് കേരളസമൂഹത്തെ മുന്നോട്ടുനയിക്കാൻ പ്രേരിപ്പിക്കുന്ന ആശയസഞ്ചയം. ഇവയെ കൂട്ടിയിണക്കിക്കൊണ്ടുള്ള കർമപദ്ധതിയായിരിക്കണം നവകേരളനിർമിതിയുടെ പ്രത്യയശാസ്ത്രം.

# ഗ്രന്ഥസൂചി

1. അജയ്ശേഖർ, എസ്. ആർ. ചന്ദ്രമോഹൻ. 2017. കേരളനവോത്ഥാനം പുതുവായനകൾ, തിരുവനന്തപുരം, റെയ്വൻ പബ്ലിക്കേഷൻസ്.

2. ഇ. എം. എസ്. 2016 – കുറിപ്പ്. മഹേശ്വരൻ നായർ – ചട്ടമ്പിസ്വാമികൾ ജീവിതവും കൃതികളും, ഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

3. കെ. ഇ. എൻ. 2016. കേരളീയ നവോത്ഥാനത്തിന്റെ ചരിത്രവും വർത്തമാനവും. ചിന്ത പബ്ലിക്കേഷൻസ്.

4. ഗോവിന്ദപിള്ള പി. 2003. കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റ് വിക്ഷണം. ചിന്ത പബ്ലിക്കേഷൻസ്

5. ഗോവിന്ദപിള്ള പി. 2009. കേരള നവോത്ഥാനം യുഗസന്തതികൾ യുഗശില്പികൾ, ചിന്ത പബ്ലിക്കേഷൻസ്

6. മഹേശ്വരൻ നായർ കെ. 2016. ചട്ടമ്പിസ്വാമികൾ ജീവിതവും കൃതിയും. ഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

7. പ്രിയപിലിക്കോട്. 2017. കേരളീയ നവോത്ഥാനം വിമർശനവും വിചന്തനവും. കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്

8. രതീന്ദ്രൻ എൻ. 2017. നവോത്ഥാനം പുതിയവർത്തമാനം നെയ്യാറ്റിൻകര, സ്വദേശാഭിമാനി.

9. സനൽമോഹൻ പി. 2 017. കേരളത്തിന്റെ ആധുനികത ചരിത്രശാസ്ത്രപരമായ പ്രശ്നങ്ങൾ. അജയ്ശേഖർ (എഡി.) കേരള നവോത്ഥാനം പുതുവഴികൾ.

10. ശ്രീ തീർഥപാദാശ്രമം. വാഴൂർ. 2011. ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രവും പ്രധാനകൃതികളും.

11. സുരേന്ദ്രൻ പി. യു. 2016. കേരളീയനവോത്ഥാനം കൈവഴികൾ കൈവിളക്കുകൾ. കോട്ടയം. ചിത്രരശ്മി ബുക്സ്.

12. രവീന്ദ്രൻ പി. പി. 2017. ചട്ടമ്പിസ്വാമികൾ: നവോത്ഥാനവും ബദൽ ആധുനികതയും. അജയ്ശേഖർ (എഡി) നവോത്ഥാനം പുതുവായനകൾ.